LIBRARY ARCHIVES Kerala Legislative Assembly

മുൻ ധനമന്ത്രിക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

338 (316) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ബി. സത്യൻ:
ശ്രീ. സി. കെ. സദാശിവൻ:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ധനമന്ത്രി പ്രതിയായിരുന്ന ബാർ കോഴക്കേസിൽ തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ കോടതി പുനരന്വേഷണം നടത്തുവാൻ ഉത്തരവിട്ടിരുന്നുവോ;

(ബി) ഈ കേസിന്റെ ആദ്യ വിജിലൻസ് റിപ്പോർട്ട് കോടതി അംഗീകരിക്കാതിരുന്നത് എന്തെല്ലാം കാരണങ്ങൾ കൊണ്ടായിരുന്നു; വിധിയുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) വിജിലൻസ് കോടതിയുടെ ഉത്തരവിന്റെയടിസ്ഥാനത്തിൽ എന്നാണ് പുനരന്വേഷണം ആരംഭിച്ചത്; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങുന്നതാണ് അന്വേഷണ സംഘം;

(ഡി) പുനരന്വേഷണത്തിന്റെ ഭാഗമായി ആരിൽ നിന്നെല്ലാം മൊഴി എടുത്തിട്ടുണ്ട്;

(ഇ) പുനരന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഇതേ തുടർന്നുള്ള കോടതി നിർദ്ദേശം എന്തായിരുന്നു?

ഉത്തരം

(എ) പ്രസ്തുത കേസിൽ തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ കോടതി പുനരന്വേഷണത്തിനല്ല തുടരന്വേഷണത്തിനാണ് ഉത്തരവിട്ടിരിക്കുന്നത്.

(ബി) കൂടുതൽ അന്വേഷണം നടത്തണമെന്ന കോടതിയുടെ കണ്ടെത്തലുകൾ കാരണമാണ് അംഗീകരിക്കാതിരുന്നത്.

(സി) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 9-11-2015 മുതൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് I പോലീസ് സൂപ്രണ്ട് ശ്രീ. ആർ. സുകേശന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരാണ് അന്വേഷണം നടത്തിയത്.

(ഡി) പ്രസ്തു കേസ് കോടതിയുടെ പരിഗണനയിലുള്ളതിനാൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(ഇ) തുടരന്വേഷണ റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ച ബാക്കി നടപടികൾ കോടതിയുടെ പരിഗണനയിലാണ്.

പീച്ചി വനഗവേഷണ ഡയറക്ടറുടെ നിയമനം

339 (317) ശ്രീ. ബെന്നി ബെഹനാൻ:

ശ്രീ. സി. പി. മുഹമ്മദ്:

ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീച്ചി വന ഗവേഷണ ഡയറക്ടറുടെ നിയമനവുമായി ബന്ധപ്പെട്ട കേസിൽ മുൻ മുഖ്യമന്ത്രി വി.എസ്. അച്ചുതാനന്ദന് എതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ;

(ബി) വി.എസ്. അച്ചുതാനന്ദനെതിരെയുള്ള എന്തെല്ലാം ആരോപണങ്ങളാണ് അന്വേഷിക്കാൻ ഉത്തരവിട്ടിട്ടുള്ളത്;

(സി) ആരെയെല്ലാമാണ് ഈ കേസിൽ കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളത്;

(ഡി) ഈ കേസിൽ എന്തെല്ലാം തുടർ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ഇ) ഈ കേസുമായി ബന്ധപ്പെട്ട് എന്തെങ്കിലും ക്രമക്കേടുകൾ വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) ഇല്ല.

(സി-ഇ) പീച്ചി വനഗവേഷണ കേന്ദ്രത്തിലെ ഡയറക്ടറുടെ നിയമനവുമായി ബന്ധപ്പെട്ട വി.ഇ.3/11/എസ്.ഐ.യു-1 നമ്പരായി നടത്തിയ വിജിലൻസ് അന്വേഷണത്തിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വി.സി.1/13/എസ്.ഐ. യു.-1 നമ്പരായി താഴെപ്പറയുന്നവർക്കെതിരെ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

LIBRARY. ARCHIVES Kerala Legislative Assembly